ആർ.ടി. ഓഫീസുകളുടെ നവീകരണം

(347) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർ.ടി.ഒ., ജോ. ആർ.ടി. ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് ഇന്ന് അവലംബിച്ചിരിക്കുന്ന മാർഗ്ഗം പൊതുജനങ്ങൾക്കും ഇതിനായി വരുന്നവർക്കും വളരെയധികം വിഷമം ഉണ്ടാക്കുന്നുണ്ട് എന്ന പരാതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദീകരിക്കുമോ;

(സി) ആർ.ടി./ജോയിന്റ് ആർ.ടി. ഓഫീസുകളിൽ സംസ്ഥാനത്ത് ഒട്ടാകെ ഒഴിവുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) വാഹനനികുതി അടയ്ക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാം;

(ഇ) പുക പരിശോധനയ്ക്കായി എത്ര സ്ഥാപനങ്ങൾ ഉണ്ട്;

(എഫ്) എല്ലാ താലൂക്കിലും നഗരസഭകളിലും പുക പരിശോധനാ കേന്ദ്രങ്ങളുണ്ടോ; പുക പരിശോധനാ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. ആർ.ടി. ഓഫീസുകളിലെ ടാക്സ്, ഫീസ് കൗണ്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി.

2. ടെസ്റ്റ് നടത്തുന്ന സ്ഥലത്ത് വെച്ചുതന്നെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

3. പൊതുജനങ്ങൾക്കുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിനായി ടാക്സ്, ഫീസ് ഇവ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് തന്നെ അവ ഒപ്പിട്ടു നൽകുന്നതിനുള്ള അധികാരം നൽകി.

4. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കർശനവും കാര്യക്ഷമവുമാക്കി.

5. ഉന്നതാധികാര സമിതിയുടെ ശുപാർശയ്ക്കനുസൃതമായി വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകാൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി.

6. പൊതുജനസൗകര്യാർത്ഥം ആർ.ടി.ഓഫീസിൽ ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും രസീത് നൽകുവാൻ നിർദ്ദേശം നൽകി.

7. ലേണേഴ്സ് ലൈസൻസ് തൽസമയം തന്നെ പുതുക്കി നൽകാൻ നടപടി സ്വീകരിച്ചു.

8. ആർ.ടി.ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി വരുന്നു.

(ബി) ഡ്രൈവിംഗ് ടെസ്റ്റുമായി ബന്ധപ്പെട്ട് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എല്ലാ ആർ.ടി.ഒ./സബ്.ആർ.ടി.ഓഫീസുകളിലും ലൈസൻസ് ടെസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനു പുറമേ കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അവധി/ അധിക ദിവസങ്ങളിൽ പ്രത്യേകം ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഒഴിവുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആർ.ടി.ഒ.	1
ജോയിന്റ് ആർ.ടി.ഒ.	4
എം.വി.ഐ.	1
എ.എം.വി.ഐ.	5
ക്ലാർക്ക്	72
ടൈപ്പിസ്റ്റ്	10
പ്യൂൺ	20
ഡ്രൈവർ	19
ആകെ	132

(ഡി) നികുതി ഒടുക്കുന്നതിനുള്ള ഗ്രേസ് പീരിയഡിൽ എല്ലാ ആർ.ടി./സബ് ആർ.ടി. ഓഫീസുകളിലും തിരക്കിനാനുപാതികമായി അധിക ടാക്സ് കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ക്വാർട്ടറിലും ഒരു ദിവസം സെക്രട്ടേറിയറ്റിൽ സ്പെഷ്യൽ ടാക്സ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നു. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ ഗ്രേസ് പീരിയഡിൽ 4 കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. വാഹന നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

പറവൂർ ജോയിന്റ് ആർ.ടി. ഓഫീസ്

(348) <u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വടക്കൻ പറവൂർ ജോയിന്റ് ആർ.ടി. ഓഫീസ് എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) ഇവിടെ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പ്രദേശങ്ങളാണ് പറവൂർ ജോയിന്റ് ആർ.ടി.ഒ. അധികാര പരിധിയിൽ വരുന്നത്;

(ഡി) ജോയിന്റ് ആർ.ടി. ഓഫീസ് പറവൂരിൽ ആരംഭിച്ചശേഷം ഓരോ വർഷത്തേയും വരുമാനം എത്രയാണ്; വ്യക്തമാക്കുമോ;

(ഇ) പറവൂർ ജോയിന്റ് ആർ.ടി. ഓഫീസിൽ പ്യൂൺ, സ്വീപ്പർ തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ആ തസ്തികകളിൽ ഇന്ന് ജോലിക്കാരുണ്ടോ; ഇല്ലെങ്കിൽ ഇന്ന് ഈ ജോലികൾ ചെയ്യുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പറവൂരിൽ ജോയിന്റ് ആർ.ടി. ഓഫീസിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly